ഏപ്രിൽ 25, 2014

# പ്രചാരണഡയറി 25..04..14

**അരുൺ ജെയ്റ്റ്ലി,**
**(പ്രതിപക്ഷ നേതാവ്, രാജ്യസഭ)**

മനുഷ്യസാഗരത്തോടൊപ്പമായിരുന്നു നരേന്ദ്ര മോദി വാരണാസിയിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാനെത്തിയത്. ഇതിനു മുന്നോടിയായി റോഡ്ഷോയും ഉണ്ടായിരുന്നു. ഇതിനുമുമ്പ് ഇങ്ങനെയൊരു റോഡ്ഷോയ്ക്ക് നഗരം സാക്ഷ്യം വഹിച്ചിട്ടില്ല. അതുപോലെതന്നെ ഇത്രയും അഭൂതപൂർവ്വമായ ഒരു ജനക്കൂട്ടം സംഘടിപ്പിക്കപ്പെട്ടിട്ടുമില്ല. സ്വയം പ്രോത്സാഹിതരായ ജനങ്ങളാണ് റോഡ്ഷോയിലും മറ്റും പങ്കെടുത്തത്. ഇതുപോലുള്ള അവസരങ്ങളിൽ രാഷ്ട്രീയപ്രവർത്തകരാണ് നിർബന്ധിതരായി പങ്കെടുത്തു കാണാറുള്ളത്. എന്നാൽ, ഈ വർദ്ധിച്ച ജനത്തിരക്ക് തീർച്ചയായും വ്യക്തമാക്കുന്നത് ജനം സ്വമനസ്സാലേ ഇതിൽ പങ്കുചേർന്നു എന്നാണ്.

വ്യക്തമായ മോദി പിന്തുണ കണ്ടിട്ടും പ്രധാനമന്ത്രിയുടെ അഭിപ്രായം ഇന്ത്യയിൽ മോദിതരംഗം ഇല്ലെന്നാണ്. ഇതിനകം നാന്നൂറോളം റാലികളിൽ മോദി പ്രസംഗിച്ചുകഴിഞ്ഞു. വൻ ജനത്തിരക്കാണ് ഈ റാലികളിലൊക്കെ കണ്ടത്. മിക്കവാറും മണ്ഡലങ്ങളിൽ കണ്ട ജനപിന്തുണ തീർച്ചയായും ബിജെപിക്ക് ലഭിക്കുന്ന പ്രചോദനം തന്നെയാണ്. മോദിയുടെ സൽഭരണം എന്ന ആശയം തിരഞ്ഞെടുപ്പു പ്രചാരണയോഗങ്ങളിൽ നിറഞ്ഞുനിന്നു. വടക്കേ ഇന്ത്യ, മദ്ധ്യ പശ്ചിമ ഇന്ത്യ എന്നിവിടങ്ങളിൽ ബിജെപിക്ക് ശക്തമായ അടിത്തറയാണുള്ളത്. പ്രതീക്ഷിച്ച പോലെ ഈ പ്രദേശങ്ങളിൽ വ്യക്തമായ മോദിതരംഗം ദൃശ്യമാണ്. ദക്ഷിണപൂർവ്വമേഖലകളിൽ മോദിക്കുള്ള സൽപ്പേര് ബിജെപിയുടെ വോട്ടുവർദ്ധനയ്ക്കിടയാക്കുകയും ചെയ്യും.

ഇതിനു വിപരീതമായി ഗാന്ധികുടുംബം നിരാശയിലാണ്. ഇതാദ്യമായാണ് പുറത്തുപോകുന്ന ഗവൺമെന്റും അവരുടെ നേതാക്കളും സ്വന്തം നേട്ടങ്ങളെക്കുറിച്ച് പറയാതെ ഒരു തിരഞ്ഞെടുപ്പു പ്രചാരണം നടത്തുന്നത്. കോൺഗ്രസ് ഗവൺമെന്റിന്റെ പരാജയങ്ങളെക്കുറിച്ച് രാജ്യം സംവാദത്തിലേർപ്പെടുമ്പോൾ ഗാന്ധികുടുംബം തിരക്കിട്ട് ഇത് മൂടിവയ്ക്കാൻ ശ്രമിക്കുന്നു. ചരിത്രത്തിലെ അപൂർവ്വസംഭവം എന്ന നിലയ്ക്ക് ഭരണകക്ഷിയുടെ പരാജയം മൂടിവയ്ക്കാൻ പ്രതിപക്ഷത്തെ കുറ്റപ്പെടുത്തുന്നു എങ്കിലും നിരാശയിൽ നിന്നുയരുന്ന ഈ തന്ത്രം ഒരിക്കലും വിലപ്പോവില്ല. മോദിതരംഗം കാണാൻ കഴിയാത്ത ദീർഘദൃഷ്ടിയില്ലാത്ത ആളല്ല ഡോ. മൻമോഹൻസിംഗ്. അദ്ദേഹം അതു കാണുന്നുണ്ട്. പക്ഷേ, അംഗീകരിക്കാൻ തയ്യാറാകുന്നില്ലെന്നു മാത്രം. ഈ തിരഞ്ഞെടുപ്പ് രണ്ടു പ്രവണതകളിൽ അധിഷ്ഠിതമാണ്. ഒന്ന്, കോൺഗ്രസിന്റെയും യു.പി.എ.യുടെയും ദുർഭരണം. ഈ ദുർഭരണത്തിന്റെ പ്രധാന കാരണം നേതൃസ്ഥാനത്തെ പരാജയമാണ്. ഇത്തരത്തിലുള്ള പരാജയമാണ് രണ്ടാമത്തെ തിരഞ്ഞെടുപ്പ് പ്രതികരണത്തിന് വഴിയൊരുക്കിയത്. മനോവ്യഥ അനുഭവിച്ച ഇന്ത്യയ്ക്ക് പ്രശ്നപരിഹാരത്തിനുള്ള ആശയുടെ ചിഹ്നമായി മോദി മാറിക്കഴിഞ്ഞു. ഈ രണ്ടു പ്രതികരണങ്ങളാണ് മോദിയെ പ്രധാനമന്ത്രിയാക്കാനുള്ള രാജ്യത്തിന്റെ ആഗ്രഹത്തെ ശക്തിപ്പെടുത്തുന്നത്. നുണപ്രചാരണം നടത്തുന്ന കോൺഗ്രസ് നേതാക്കന്മാർ നിസ്സഹായരായി ഇതിനൊക്കെ സാക്ഷ്യം വഹിക്കുന്നുമുണ്ട്. ചിദംബരം, കപിൽ സിബൽ, ആനന്ദ് ശർമ്മ തുടങ്ങിയവരുടെ കടുത്തതും മര്യാദയില്ലാത്തതുമായ പ്രയോഗങ്ങൾക്കൊന്നും മോദിയുടെ വിജയത്തെ തടുക്കുവാൻ കഴിയില്ല.

**മോദി പഞ്ചാബിൽ**

പഞ്ചാബിൽ മോദി അഞ്ചു റാലികളിൽ പ്രസംഗിക്കുന്നുണ്ട്. ഗുരുദാസ്പൂർ, ഭട്ടിൻഡ, ഹോഷിയാർപൂർ, അമൃത്സർ തുടങ്ങിയ പാർലമെന്റ് നിയോജകമണ്ഡലങ്ങളിൽ അദ്ദേഹം ഇന്ന് പ്രചാരണം നടത്തുന്നുണ്ട്. മാറ്റത്തിനുവേണ്ടി നിലകൊള്ളുന്ന പഞ്ചാബ് ജനത നരേന്ദ്രമോദിയെ ആകാംക്ഷയോടെയാണ് കാത്തിരിക്കുന്നത്.